# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ 388 | | 08.08.2017 - ൽ മറുപടിക്ക് | |
|---|---|---|---|
| **ചരക്ക് സേവന നികുതി (ജി.എസ്.ടി.)** | | | |
| | ചോദ്യം | | മറുപടി |
| | ശ്രീ. പാറക്കൽ അബ്ദുല്ല | | ഡോ. ടി.എം തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി (ജി.എസ്.ടി.) നടപ്പാക്കുന്നതിൽ **വാണിജ്യ മേഖലയിൽ** തികഞ്ഞ **ആശയക്കുഴപ്പം** നിലനിൽക്കുന്നതായ **ആക്ഷേപം** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ജി.എസ്.ടി നടപ്പിലാക്കിയതെത്തുടർന്ന് migration, closing stock ൻമേലുള്ള input tax credit ഇൻവോയിസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനായി ചരക്കുസേവന നികുതി വകുപ്പ് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സെല്ലുകൾ രൂപീകരിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ നികുതി നിരക്കിൽ അവ്യക്തതയുള്ളതിലും നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇത്തരം സംശയങ്ങൾ ഉന്നയിക്കുന്നതിനായി ഓൺലൈൻ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യാപാര പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും (കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും) ഉൾപ്പെടുത്തി സംസ്ഥാന/ ജില്ലാതല ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഈ കമ്മിറ്റി മുമ്പാകെ ഉന്നയിക്കാവുന്നതാണ്. അവയിൽ കമ്മിറ്റിക്ക് തീരുമാനം എടുക്കാൻ സാധിക്കാത്ത പ്രശ്നങ്ങൾ (നികുതി നിരക്ക്, നിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ) ജി.എസ്.ടി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ടി കമ്മിറ്റികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>വ്യാപാരികൾക്കുണ്ടാകുന്ന പ്രധാന ബുദ്ധിമുട്ടുകളെല്ലാം തന്നെ ജി.എസ്.ടി.എൻ ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ടതാണ്. ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും അനുഭവപ്പെടുന്നുണ്ട്. ഓൺലൈൻ സംവിധാനത്തിലെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | **ഉൽപ്പന്നങ്ങളിൽ** അച്ചടിച്ചിരിക്കുന്ന **പഴയ നികുതി** ഉൾപ്പെടുന്ന പരമാവധി **വിൽപന** വില (എം.ആർ.പി.)ക്ക് മേൽ വീണ്ടും | (ബി) യും (സി) യും | എം.ആർ.പി. യിൽ അധികരിച്ച വില ഈടാക്കുന്നത് നിയമവിരുദ്ധമാണ്. ഇത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കും. |

| | | | |
|---|---|---|---|
| | വ്യാപാരികൾ ജി.എസ്.ടി ചുമത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) യും | |
| (സി) | എം.ആർ.പി.യിൽ കൂടുതൽ ഒരു കാരണവശാലും വില ഈടാക്കരുതെന്ന ചട്ടത്തിന് വിരുദ്ധമാണ് വ്യാപാരികളുടെ ഈ നടപടി എന്ന് കരുതുന്നുണ്ടോ; | | |
| (ഡി) | കൂടാതെ നികുതിക്കു മേൽ നികുതി പാടില്ലെന്ന ജി.എസ്.ടി യുടെ പ്രാഥമിക ലക്ഷ്യത്തിനും ഇത്തരം നടപടികൾ വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; | | |
| (ഇ) | ഈ സാഹചര്യത്തിൽ ജി.എസ്.ടി. മുഖേന ജനങ്ങൾക്ക് ലഭ്യമാകേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ചില വ്യാപാരികൾ നടത്തുന്ന ചൂഷണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ? | (ഇ) | ജി.എസ്.ടി നിയമത്തിലെ 171 വകുപ്പ് പ്രകാരം Anti Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ അതോറിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് പ്രവർത്തനം തുടങ്ങണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**